(7) കേശവപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ശോച്യാവസ്ഥ

ശ്രീ. എൻ. രാജൻ: സർ, ചിറയിൻകീഴ് താലൂക്കാശുപത്രി കഴിഞ്ഞാൽ താലൂക്കിലെ ഏറ്റവും വളരെ തിരക്കുള്ള ആശുപത്രിയാണ് കിളിമാനൂർ കേശവപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ. അവിടത്തെ ശോച്യാവസ്ഥയാണ് ഞാൻ ഒരു സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത്. ആറ് ഡോക്ടർമാരുടെ സ്ട്രെങ്ത്താണുള്ളത്. എന്നാൽ ഇപ്പോൾ നിലവിൽ 3 ഡോക്ടർമാരാണുള്ളത്. ഒ.പി. തുടങ്ങുമ്പോൾത്തന്നെ 9, 10 മണി കഴിയും. നൈറ്റ് ഡ്യൂട്ടി ഡോക്ടർ ഇല്ല. അവിടെ സിവിൽ സർജന്റെ കുറവുണ്ട്. ഗൈനക്കോളജി സ്പെഷ്യലൈസ്ഡ് ഡോക്ടർ ഇല്ല. ഒ.പി. തിയേറ്റർ ഉത്ഘാടനം കഴിഞ്ഞിട്ട് ഏതാണ്ട് അഞ്ചാറ് മാസമായി. ബഹുമാനപ്പെട്ട മന്ത്രിയാണ് ഉദ്ഘാടനം നടത്തിയത്. അവിടെ ഉപകരണങ്ങളൊന്നും വാങ്ങി വച്ചിട്ടില്ല. ഈ കാര്യങ്ങൾ ഡി.എം.ഒ. വികസന സമിതിയിൽ പങ്കെടുത്തുകൊണ്ട് അന്വേഷിച്ച് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): സർ, കിളിമാനൂർ മണ്ഡലത്തിൽ കേശവപുരം പ്രാഥമികാരോഗ്യ കേന്ദ്രത്തെ 1983-ൽ സാമൂഹ്യ ആരോഗ്യ കേന്ദ്രമാക്കി ഉയർത്തിയതാണ്. പ്രസ്തുത കേന്ദ്രത്തിലെ കിടക്കകളുടെ എണ്ണം 35 ആണെങ്കിലും ഇരട്ടിയോളം രോഗികളെ ഇവിടെ കിടത്തി ചികിൽസിക്കുന്നുണ്ട്. ദിവസേന 300-നും 400-നും ഇടയ്ക്ക് രോഗികൾ ചികിൽസയ്ക്ക് എത്താറുണ്ട്. അനുവദിച്ചിട്ടുള്ള 6 ഡോക്ടർമാരിൽ 2 സിവിൽ സർജൻമാർ ആണ്. ബാക്കിയെല്ലാ ഡോക്ടർമാരും ഇപ്പോൾ ഇവിടെ സേവനം അനുഷ്ടിക്കുന്നുണ്ട്. ഒഴിവുള്ള 2 സിവിൽ സർജൻ തസ്തിക ഉടൻ നിയമനം നടത്തുന്നതാണ്. ഇവിടെ ലാബ്, എക്സ്റേ എന്നിവയും പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമെ ഫീൽഡ് പ്രവർത്തനങ്ങളും പ്രസവ ശുശ്രൂഷാ സേവനങ്ങളും നടത്തുന്നു. ഗൈനക്കോളജിസ്റ്റിന്റെ ലഭ്യതയനുസരിച്ച് നിയമിക്കുന്നതാണ്. ഈ കേന്ദ്രത്തിന്റെ കീഴിൽ 7 മിനി പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനത്തിൽ ആകെയുള്ള 111 ജീവനക്കാരിൽ 59 പേർ ഫീൽഡ് വിഭാഗം ജീവനക്കാരും ബാക്കി മെഡിക്കൽ, പാരാ മെഡിക്കൽ ഓഫീസ് വിഭാഗം ജീവനക്കാരുമാണ്. ഒരു സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽനിന്നും പൊതുജനങ്ങൾക്ക് ലഭിക്കേണ്ട എല്ലാ സേവനങ്ങളും ഇവിടെനിന്നും ലഭിക്കുന്നുണ്ട്. ആശുപത്രിയിലെ 2 ഡോക്ടർമാർ സമീപത്ത് താമസിക്കുന്നുണ്ട്. അവരുടെ സേവനം 24 മണിക്കൂറും ലഭ്യമാണ്. ആശുപത്രിയിലെ വാർഡുകളൊന്നുംതന്നെ അടച്ചിട്ടിട്ടില്ല. എന്നാൽ മെഡിക്കൽ വാർഡ് കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിലാണ്. ആശുപത്രികളുടെ അറ്റകുറ്റപ്പണികൾ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തതിനാൽ കിളിമാനൂരിലെ ബ്ളോക്കു പഞ്ചായത്തുമായി ബന്ധപ്പെട്ട് ആവശ്യമായ അറ്റകുറ്റപ്പണികൾ ചെയ്യാൻ മെഡിക്കൽ ഓഫീസർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുപുറമെ ബഹുമാനപ്പെട്ട എം.എൽ.എ. ഈ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിക്കഴിഞ്ഞാൽ ആവശ്യമായ സാമ്പത്തിക സഹായം നൽകാനും ഗവൺമെന്റ് തയ്യാറാണ്.

LIBRARY ARCHIVES Kerala Legislative Assembly